LIBRARY ARCHIVES Kerala Legislative Assembly

നെടുംകണ്ടം താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

62 (4346) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലുള്ള ആകെ തസ്തികകൾ, ആയതിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ, വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റിടങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിന്റെ തസ്തികയിൽ നിയമനം നടത്തുവാൻ കഴിയാത്ത സാഹചര്യം വിശദീകരിക്കാമോ;

(സി) ജൂനിയർ പബ്ളിക്ക് ഹെൽത്ത് നഴ്സിനെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സ്റ്റാഫ് നഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ തസ്തികയിൽ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല.

(ഡി) സ്റ്റാഫ് നഴ്സ് ഗ്രേഡ് -II-ന്റെ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല. ഗ്രേഡ് -I തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതാണ്.

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്

63 (4347) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പ്രഖ്യാപിച്ചിട്ടുള്ള ട്രോമാ കെയർ എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് ട്രോമാ കെയർ സ്ഥാപിതമാവുന്നതോടെ നിലവിൽ വരിക എന്ന് വിശദമാക്കാമോ; എത്ര രൂപയാണ് ഈ പദ്ധതിക്ക് നീക്കിവച്ചിട്ടുള്ളത്; ഇതിനകം നടന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം? വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.